കവിത


# ഒരു ഇൻസ്റ്റന്റ് ആത്മകഥ (പെട്ടെന്ന് ഒരു സമ്മാനം)

പ്രേംചന്ദ്

വെട്ടിയും തിരുത്തിയും
കളിക്കാൻ സമയമില്ല.
നേരം ഇരുട്ടുന്നു,
എഴുതിത്തീരാതെ
എവിടെയോ
മറന്നുവെച്ചതൊന്നും
ഓർത്തെടുക്കാൻ
നേരവുമില്ല.

അവൾ പോകാറായി.
അവസാനത്തെ
മണിക്കൂറാണ്,
എന്താണ്
എഴുതേണ്ടതെന്ന്
ഒരു രൂപവുമില്ല
ബോധം
കീഴ്മേൽ മറിയുന്നു
അവസാനമായി
ഓർത്തുവെയ്ക്കാൻ
എന്താണ്
നൽകേണ്ടതെന്ന
ചോദ്യമാണ്
പ്രശ്നമായത്

വര: ജോസഫ് എം വർഗ്ഗീസ്



പെട്ടെന്ന്,
ഒരാത്മകഥയാണ്
അവൾ
ആവശ്യപ്പെട്ടത്

പെട്ടെന്ന്,
വളരെപ്പെട്ടെന്ന്
പോകുന്നതിന് മുമ്പ്.
പെട്ടെന്ന്,
ഒന്നുമാലോചിക്കാതെ
തരാം, എന്നങ്ങ് സമ്മതിച്ചു പോയി.
അതവിടെയുണ്ട്
എനിയ്ക്കതറിയാം
പക്ഷേ എങ്ങിനെയാണ്
അത് തുറക്കുക?

അത് നുറുങ്ങി കിടക്കുകയാണ്
വാതിലെവിടെയെന്നറിയില്ല
ജനലെവിടെയെന്നുമറിയില്ല
കണ്ണാടിച്ചില്ലുകൾ പോലെ
എല്ലാം ഉടഞ്ഞു കിടക്കുകയാണ്
വിഗ്രഹങ്ങൾ, നഗരങ്ങൾ, എല്ലാം
ഒരു നൂറു കഷ്ണങ്ങളായി
പിളർന്നു കിടക്കുകയാണ്.
ബാബേൽ ഗോപുരം പോലെ
അത് തുറക്കാതെ
എങ്ങിനെയാണ്
അതെടുക്കുക?
പുറത്ത് എടുക്കാനാവാതെ
എങ്ങിനെയാണതവൾക്ക്
കൊടുക്കുക?
എല്ലാം
അകത്താണ്.
ഒരു വാതിലും
അകത്തേക്കില്ല
ഒരു വാതിലും
പുറത്തേക്കുമില്ല
എല്ലാം
ചോരവാർന്നൊലിച്ച് കിടക്കുന്നു
ഒന്നും
കാണാനാവുന്നുമില്ല.
ഇരുട്ടു മാത്രം.

സമയമായി,
അവൾ
വിടപറയുകയാണ്
ഞാൻ ഈ ഇരുണ്ട
ഈ ആത്മകഥക്ക്
പുറത്ത് കടക്കാൻ
വഴിയില്ലാതെ
ഇവിടെയില്ലാതെ
എവിടെയുമില്ലാതെ
ഓർമ്മയില്ലാതെ..........
ഓർമ്മയിലല്ലാതെ.......... ●

premchand@mpp.co.in